# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 302 — 26.02.2018 — ൽ മറുപടിക്ക്

## റേഷൻ കടകൾ വഴി നൽകി വരുന്ന ഭക്ഷ്യവസ്തുക്കൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. രാജു എബ്രഹാം : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പുമന്ത്രി) |
| (എ) എത്ര ലക്ഷം റേഷൻ കാർഡ് ഉടമകളാണ് സംസ്ഥാനത്തുള്ളതെന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ; ഓരോ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും റേഷൻ കടകൾ വഴി എന്തൊക്കെ ഭക്ഷ്യവസ്തുക്കളാണ് നിലവിൽ നൽകി വരുന്നതെന്നും ഇവയ്ക്ക് ഓരോന്നിനും എത്ര തുക വീതമാണ് ഉണഭോക്താക്കൾ നൽകേണ്ടതെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള റേഷൻ കാർഡുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങളും ഓരോ വിഭാഗം റേഷൻകാർഡ് ഉടമകൾക്കും റേഷൻ കടകൾ വഴി നൽകി വരുന്ന ഭക്ഷ്യ ധാന്യങ്ങളുടെ വിവരങ്ങളും വില വിവരവും അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (ബി) പൊതു വിപണിയിൽ അരി അടക്കമുള്ള നിത്യോപയോഗ സാധനങ്ങളുടെ വില ഉയരാതെ നിയന്ത്രിച്ചുനിർത്തുന്നതിന് ഈ മേഖലയിലെ കരിഞ്ചന്തക്കാരെയും പൂഴ്ത്തിവയ്പുകാരെയും കൃത്രിമക്ഷാമം സൃഷ്ടിച്ച് കൊള്ളലാഭം നേടുന്നവരെയും കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് നടത്തിയ റെയ്ഡുകളുടെയും എടുത്ത കേസുകളുടെയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് വകുപ്പ് തലത്തിൽ ശക്തമായ പരിശോധനാ സംവിധാനം ഉണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും ലീഗൽ മെട്രോളജി, പോലീസ്, റവന്യൂ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ കൂടി ഏകോപിപ്പിച്ചുകൊണ്ട് നിരന്തര പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1955 ലെ അവശ്യ സാധന നിയമപ്രകാരവും 1980 ലെ PBMMSEC (Prevention of Black Marketing and Maintenance of Supply of Essential Commodities) ആക്ട് പ്രകാരവും ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.<br>2017-18 സാമ്പത്തിക വർഷത്തിൽ (2017 ഏപ്രിൽ മുതൽ 2018 ജനുവരി വരെ) സംസ്ഥാനത്ത് വിവിധ ജില്ലകളിൽ അവശ്യ സാധന നിയമം, 1955 പ്രകാരം നടത്തിയിട്ടുള്ള പരിശോധന/റെയ്ഡുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പൂർണ്ണമായും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും നിത്യോപയോഗ സാധനങ്ങൾ അടക്കം എത്തിക്കേണ്ട സംസ്ഥാനം എന്ന നിലയിൽ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സർക്കാർ നടത്തുന്ന ശ്രമങ്ങൾ എന്തൊക്കെ എന്നും സബ്സിഡി നിരക്കിൽ കൂടുതൽ ഭക്ഷ്യ വസ്തുക്കൾ റേഷൻ ഷോപ്പുകൾ വഴി വിതരണം നടത്തുന്നതിനും വിലക്കയറ്റം ഉണ്ടാകാതിരിക്കാനും ദീർഘകാല പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | വില വർദ്ധനവ് പരിശോധിക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രൈസ് മോണിറ്ററിംഗ് സെൽ നിലവിലുണ്ട്. അവശ്യ സാധനങ്ങളുടെ വില കൂടിയതായി കാണുന്ന കേന്ദ്രങ്ങളിൽ ശക്തമായ പരിശോധന നടത്താറുണ്ട്. 2017 ഏപ്രിൽ മുതൽ നവംബർ വരെ 44,455 റേഷൻ കടകൾ പരിശോധിക്കുകയും 10.7 ലക്ഷം രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ടി കാലയളവിൽ 7,291 പൊതുവിപണി പരിശോധനകൾ നടത്തിയിട്ടുണ്ട്. 2017 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ 130 റേഷൻ കടകൾ സസ്പെൻഡ് ചെയ്യുകയും 7 റേഷൻ കടകളുടെ ലൈസൻസ് റദ്ദ് ചെയ്യുകയും ടി ക്രമക്കേടുകൾക്ക് 69.23 ലക്ഷം രൂപ വില വരുന്ന സാധനങ്ങൾ കണ്ടുകെട്ടുകയും ചെയ്തിട്ടുണ്ട്.<br>2017-18 സാമ്പത്തിക വർഷം വിപണിയിടപെടൽ നടത്തുന്നതിനായി 200 കോടി രൂപ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. ആയത് ഉപയോഗിച്ച് സപ്ലൈകോ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന 13 ഇനങ്ങൾ ഉൾപ്പെടെ ആകെ 28-ഓളം അവശ്യ ഭക്ഷ്യ ധാന്യങ്ങൾ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ നൽകിവരുന്നു. |

*സെക്ഷൻ ഓഫീസർ*

## അനുബന്ധം — 1

### 1) സംസ്ഥാനത്ത് നിലവിലുള്ള റേഷൻ കാർഡുകളുടെ എണ്ണം

| എ.എ.വൈ | | മുൻഗണനാ വിഭാഗം | | മുൻഗണനേതര സബ്സിഡി | | മുൻഗണനേതര നോൺ സബ്സിഡി | | ആകെ | |
|---|---|---|---|---|---|---|---|---|---|
| കാർഡുകളുടെ എണ്ണം | ഉപഭോക്താക്കളുടെ എണ്ണം | കാർഡുകളുടെ എണ്ണം | ഉപഭോക്താക്കളുടെ എണ്ണം | കാർഡുകളുടെ എണ്ണം | ഉപഭോക്താക്കളുടെ എണ്ണം | കാർഡുകളുടെ എണ്ണം | ഉപഭോക്താക്കളുടെ എണ്ണം | കാർഡുകളുടെ എണ്ണം | ഉപഭോക്താക്കളുടെ എണ്ണം |
| 595800 | 2557214 | 2906709 | 12922826 | 2935436 | 12114128 | 1580085 | 6600394 | **8018030** | **34194562** |

### 2) ഓരോ വിഭാഗം റേഷൻകാർഡ് ഉടമകൾക്കും റേഷൻ കടകൾ വഴി നൽകി വരുന്ന ഭക്ഷ്യ ധാന്യങ്ങളുടെ വിവരങ്ങളും വില വിവരവും

| ഇനം | ഓരോ വിഭാഗങ്ങൾക്കുമുള്ള പ്രതിമാസ വിതരണക്രമം (2018 ഫെബ്രുവരി മാസം ആധാരമാക്കിയുള്ളത്) | | | |
|---|---|---|---|---|
| | എ.എ.വൈ | എ.എ.വൈ ഒഴികെയുള്ള മുൻഗണനാ വിഭാഗം | മുൻഗണനേതര വിഭാഗം (സബ്സിഡി) | മുൻഗണനേതര വിഭാഗം (നോൺ സബ്സിഡി) |
| അരി | ഓരോ കാർഡിനും 28 കിലോഗ്രാം സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം കി.ഗ്രാമിന് 2/- രൂപ നിരക്കിൽ | ഓരോ കാർഡിനും അരിയും ഗോതമ്പും ഉൾപ്പെടെ 2 കി.ഗ്രാം ഭക്ഷ്യധാന്യം, അരി കി.ഗ്രാമിന് 8.90 രൂപ നിരക്കിലും ഗോതമ്പ് കി.ഗ്രാമിന് 6.70 രൂപ നിരക്കിലും |
| ഗോതമ്പ് | ഓരോ കാർഡിനും 7 കിലോഗ്രാം സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 1 കി.ഗ്രാം വീതം സൗജന്യമായി | ഇല്ല | |
| ആട്ട | ഇല്ല | ഇല്ല | കാർഡിന് 3 കിഗ്രാം വീതം കി.ഗ്രാമിന് 15/- രൂപ നിരക്കിൽ | കാർഡിന് 3 കിഗ്രാം വീതം കി.ഗ്രാമിന് 15/- രൂപ നിരക്കിൽ |

## അനുബന്ധം – 2

**2017-18 സാമ്പത്തിക വർഷത്തിൽ (2017 ഏപ്രിൽ മുതൽ 2018 ജനുവരി വരെ) സംസ്ഥാനത്ത് വിവിധ ജില്ലകളിൽ അവശ്യ സാധന നിയമം, 1955 പ്രകാരം നടത്തിയിട്ടുള്ള പരിശോധന/റെയ്ഡുകൾ സംബന്ധിച്ച വിവരങ്ങൾ**

| ജില്ല | പരിശോധനകളുടെ എണ്ണം | റെയ്ഡുകളുടെ എണ്ണം | അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തികൾ | പിടിച്ചെടുത്ത വസ്തുക്കൾ | അളവ് |
|---|---|---|---|---|---|
| തിരുവനന്തപുരം | 4817 | 120 | 0 | അരി | 3245 കിഗ്രാം |
| | | | | എൽ.പി.ജി | 3 എണ്ണം |
| കൊല്ലം | 4421 | 0 | 0 | അരി | 3975 കി.ഗ്രാം |
| പത്തനംതിട്ട | 617 | 562 | 0 | – | – |
| ആലപ്പുഴ | 6457 | 665 | 2 | അരി | 19235 കി.ഗ്രാം |
| | | | | ഗോതമ്പ് | 2976 കി.ഗ്രാം |
| കോട്ടയം | 3281 | 640 | 1 | അരി | 4550 കി.ഗ്രാം |
| | | | | ഗോതമ്പ് | 200 കി.ഗ്രാം |
| ഇടുക്കി | 3504 | 14 | 0 | - | - |
| എറണാകുളം | 3547 | 889 | 0 | - | - |
| തൃശ്ശൂർ | 2718 | 133 | 0 | - | - |
| പാലക്കാട് | 3595 | 4 | 0 | - | - |
| മലപ്പുറം | 3419 | 329 | 0 | - | - |
| കോഴിക്കോട് | 2331 | 1580 | 0 | - | - |
| വയനാട് | 2183 | 0 | 0 | - | - |
| കണ്ണൂർ | 2799 | 46 | 0 | - | - |
| കാസർഗോഡ് | 572 | 56 | 0 | - | - |
| **ആകെ** | **44261** | **5038** | **3** | - | - |